ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫർ നൽകുന്നതിന് നടപടി

24 (1077) ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ വിൽപ്പന നികുതി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫറിന് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ജോലി ചെയ്യുന്നവരുടെ അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ജോലി നോക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഇന്റർ ഡിപ്പാർട്ട്മെന്റൽ ട്രാൻസ്ഫർ നൽകുന്നതിന് കാലതാമസം വരുത്തുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുന്ന വർക്ക് ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫറിന് മുൻഗണന നൽകിയിട്ടുണ്ടോ ;

(ഇ) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം ലഭിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എത്രയും വേഗം ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇരുപത്തിനാല് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ ജോലി ചെയ്യുന്നവരുടെ അപേക്ഷകൾ 12 ആണ്.

(സി) സർക്കാരിന്റെ സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിൽ പുനർവിന്യാസം നടത്തുന്നതിന്റെ ഭാഗമായിട്ടാണ് കാലതാമസം ഉണ്ടാകുന്നത്.

(ഡി) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ജോലി ചെയ്യുന്നവർക്ക് ഇന്റർ ഡിപ്പാർട്ടുമെന്റൽ ട്രാൻസ്ഫറിന് മുൻഗണന നൽകിയിട്ടുണ്ട്.

(ഇ) ഡിപ്പാർട്ടുമെന്റിലെ ആവശ്യകത അനുസരിച്ച് ഇന്റർ ഡിപ്പാർട്ടുമെന്റിൽ ട്രാൻസ്ഫർ പരിഗണിക്കാവുന്നതാണ്.

ലക്ഷ്വറി ടാക്സ് സംബന്ധമായ പരാതികൾ

25 (1078) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷ്വറി ടാക്സ് സംബന്ധമായി പുതിയ നടപടിക്രമങ്ങൾ എന്തെങ്കിലും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly